മൂർച്ചിക്കുകയും ഉടൻതന്നെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്ക് വിടുകയുമായിരുന്നു കുട്ടി ആശുപത്രിയിൽ എത്തുന്നതിനുമുമ്പ് മരിച്ചു. തുടർന്ന് പോലീസ് ടി സ്വകാര്യ ആശുപത്രിയിലെ ഡോക്ടറെ അറസ്റ്റ് ചെയ്യുകയും ആശുപത്രി പൂട്ടുകയും ചെയ്തിട്ടുണ്ട്. ആശുപത്രി നിലവിൽ പ്രവർത്തിക്കുന്നില്ല. പരിശോധനയിൽ ആന്ധ്രാ പ്രദേശിൽ നിന്നും ലഭിച്ച ഒരു ആയുർവേദ കോഴ്സ് സർട്ടിഫിക്കറ്റ് വച്ചുകൊണ്ട് അലോപ്പതി ചികിത്സ നടത്തിയത് നിയമ വിരുദ്ധമാണെന്ന് കണ്ടെത്തി പോലീസ് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ്.

മധുരപാനീയങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

26 (*536) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധുരപാനീയങ്ങളുടെ ഉപയോഗംമൂലം ലോകത്ത് പ്രതിവർഷം രണ്ടുലക്ഷത്തോളം പേർ മരിക്കുന്നുണ്ടെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കൃത്രിമ ഹെൽത്ത് ഡ്രിങ്കുകളുൾപ്പെടെയുള്ള മധുര പാനീയങ്ങളുടെ നിർമ്മിതിയും വിപണനവും വ്യാപകമാകുന്നത് യുവജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കൃത്രിമ ഹെൽത്ത് ഡ്രിങ്കുകൾ വിവിധ പേരുകളിലിറങ്ങുന്ന എനർജി ഡ്രിങ്കുകൾ എന്നിവയുടേതുൾപ്പെടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അത്തരം ഭക്ഷണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്ക്കരിക്കുന്നത് കൂടുതൽ ഫലപ്രദമാണെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് വളരെ കാര്യക്ഷമമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം' പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിത ശൈലി രോഗങ്ങളായ ജംഗ് ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ , രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയെക്കുറിച്ചുള്ള ദൂഷ്യവശങ്ങളെപ്പറ്റി ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാത് സ്കൂളുകളിലെ മറ്റ് കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകിവരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റ് പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്നതാണ്. ഇതിനകം തന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശീലനം നൽകിക്കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തിക്കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly